16U205 (Pages: 2) Name: ……………………

Reg. No…………………..

**SECOND SEMESTER B.Sc. Computer Science/B.C.A. DEGREE EXAMINATION, MAY-2017**

((Regular/Supplementary/Improvement)

(CUCBCSS – UG)

**CC15U MAL2 A08(2) മലയാളഭാഷയും സാഹിത്യവും - 2**

(Common Course: Malayalam)

(2015 Admission Onwards)

സമയം : 3 മണിക്കൂർ പരമാവധി: 80 മാർക്ക്

**I ഓരോന്നിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക (അര മാർക്കുവീതം)**

1. തിക്കോടിയന്റെ ആത്മകഥയുടെ പേരെന്ത്?
2. 'ഇത് ഭൂമിയാണ്' എന്ന നാടകത്തിന്റെ രചയിതാവ്?
3. 'ബാല്യകാലസഖി'യിലെ ഏതു കഥാപാത്രമാണ് "ഒന്നും ഒന്നും കൂട്ടിയാൽ ഇമ്മിണി ബല്യ ഒന്ന്" - എന്നു പറഞ്ഞത്?
4. പി.കെ. പാറക്കടവിന്റെ പൂർണ്ണനാമം?
5. 'നാൽക്കവല' എന്ന നാടകത്തിലെ ഗാനത്തിന്റെ രചയിതാവായ മൺമറഞ്ഞുപോയ കവിയാര്?
6. "അളിയാ നിങ്ങളാണ് നീരാളി" - ഇത് ആരുടെ വാക്കുകൾ?
7. വാസ്കോ-ഡ-ഗാമ കഴിക്കാൻ ആവശ്യപ്പെട്ടതെന്ത്?
8. 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവലിന്റെ കർത്താവ്?
9. ആരുടെ ആത്മകഥയാണ് ചിദംബരസ്മരണ?
10. "എടീ ഭാര്യേ, പുഴുക്കും കഞ്ഞിയും കൊണ്ടുവാ - രണ്ട് ചീരോപ്പറങ്കി മുളക് ചാലിച്ച് തൊട്ടുകൂട്ടാനും" - ഏതു കഥയിലേതാണ് ഈ സന്ദർഭം?

**(10 x½ = 5 മാർക്ക്)**

**II ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (2 മാർക്ക് വീതം)**

11. വാദ്ധ്യാർപ്പണി ഉപേക്ഷിച്ച് വേറെ വല്ല പണിയും നോക്കണമെന്ന് കെ.എൻ. എഴുത്തച്ഛൻ വിചാരിച്ചത് എന്തുകൊണ്ട്?
12. പി.കെ. പാറക്കടവിന്റെ കഥകളുടെ പൊതുസവിശേഷതയെന്ത്?
13. 'കാലു' എന്ന കഥാപാത്രത്തെ മാധവിക്കുട്ടി എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു?
14. മിസിസ് നായരുടെ സ്വഭാവസവിശേഷതയെന്ത്?
15. ചെറുപ്പക്കാരനിൽനിന്ന് നിർബന്ധപൂർവ്വം രാച്ചിയമ്മ പണം വാങ്ങിയത് എന്തുകൊണ്ട്?

**( 5 x 2 = 10 മാർക്ക്)**

III ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഖണ്ഡികാരൂപത്തിൽ ഉത്തരമെഴുതുക (5 മാർക്കു വീതം)

16. ''തെറ്റും ശരിയും നോക്കാതെ ജീവിച്ചോളാ ഞാൻ'' – കവലപ്പാർവതി ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത്?
17. ഒരു കഥ എങ്ങനെ രൂപംകൊള്ളുന്നുവെന്ന് കഥയ്ക്കുപിന്നിലെ കഥയിലൂടെ ടി. പദ്മനാഭൻ വിശദമാക്കുന്നതെങ്ങനെ?
18. ബാല്യത്തിന്റെ നിഷ്കളങ്കമായ ആവിഷ്കാരം മജീദിലൂടെയും സുഹറയിലൂടെയും ബഷീർ വരച്ചുകാട്ടുന്നതെങ്ങനെ? 'ബാല്യകാലസഖി'യെ ആസ്പദമാക്കി വിലയിരുത്തുക.
19. കാലു എന്ന കഥാപാത്രത്തെ മാധവിക്കുട്ടി എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു?
20. ''നന്ദികെട്ടവനേ, എന്ന് എന്നെത്തന്നെ വിളിക്കാൻ തോന്നി'' – ആർക്ക്? എന്തുകൊണ്ട്?
21. 'ജീവിതപ്പാത' എന്ന ആത്മകഥയിലെ 'നിറകുടം' എന്ന അദ്ധ്യായം ആരെക്കുറിച്ചാണ്? വിശദമാക്കുക.
22. നാൽക്കവല എന്ന പേര് ആ നാടകത്തിന് എത്രമാത്രം യോജിക്കുന്നുവെന്ന് പരിശോധിക്കുക.

(5 x 5 = 25 മാർക്ക്)

IV ഏതെങ്കിലും നാലു ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക (10 മാർക്ക് വീതം)

23. അധിനിവേശസംസ്കാരത്തിനെതിരായുള്ള പ്രത്യക്ഷസമരത്തിന്റെ സൂചനകളാണ് 'വാസ്കോ-ഡ-ഗാമ തിരിച്ചുപോകുന്നു' എന്ന കഥ – സമർത്ഥിക്കുക.
24. 'നാടിന്റെ അകമാണ് നാടകം' എന്ന പ്രസ്താവന കെ.ടി. മുഹമ്മദിന്റെ 'നാൽക്കവല' എന്ന നാടകത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക.
25. ജീവിതത്തിന്റെ പച്ചയായ ആവിഷ്കാരമാണ് ബഷീറിന്റെ 'ബാല്യകാലസഖി' – നോവലിലെ സന്ദർഭങ്ങൾ ചൂണ്ടിക്കാട്ടി വിലയിരുത്തുക.
26. കേളപ്പജിയുടെ നാടകരചനയ്ക്കിടയാക്കിയ സാഹചര്യത്തെക്കുറിച്ച് ഉപന്യസിക്കുക.
27. 'രാച്ചിയമ്മ' എന്ന കഥയിലൂടെ സ്ത്രീസഹജമായ സ്വഭാവങ്ങളെ ഉറൂബ് എങ്ങനെയാണ് വരച്ചുകാട്ടുന്നത്?
28. 'ശേഷം' എന്ന കഥയുടെ പരിണാമത്തെ വിമർശനാത്മകമായി വിലയിരുത്തുക.

(4 x 10 = 40 മാർക്ക്)

*******